# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/209/2018 2018 ഒക്ടോബർ 5

## വാർത്താക്കുറിപ്പ്

---

**ഓൺലൈൻ സേവനങ്ങൾ പുതിയ സെർവറിലേക്ക്;**

**എം.ജി.യിൽ ഏഴിന് ഇ–പേയ്മെന്റില്ല**

ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എം.ജി. സർവകലാശാല പുതിയ സെർവർ സംവിധാനത്തിലേക്ക് മാറുന്നു. സെർവർ മാറ്റം നടക്കുന്നതിനാൽ മഹാത്മാഗാന്ധി സർവകലാശാലയിലെ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ഒക്ടോബർ ഏഴിന് ഫീസടയ്ക്കുവാൻ സാധിക്കില്ല.

**തീയതി നീട്ടി**

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2017 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 മുതൽ 2016 അഡ്മിഷൻ വരെ റീഅപ്പിയറൻസ്) പരീക്ഷാഫീസ് പിഴയില്ലാതെ ഒക്ടോബർ 10 വരെ അടയ്ക്കാം. 50 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും 500 രൂപ പിഴയോടെ 15 വരെയും ഫീസടയ്ക്കാം.

**പരീക്ഷാ തീയതി**

മൂന്നാം വർഷ ബി.ഫാം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 30 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 10 വരെയും 500 രൂപ പിഴയോടെ 11 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം വർഷ ബി.എസ്സി. നഴ്സിംഗ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 31 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 10 വരെയും 500 രൂപ പിഴയോടെ 11 വരെയും 1000 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പ്രാക്ടിക്കൽ**

2018 ജൂൺ/ജൂലൈ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ എം.എ. മൃദംഗം (കോർ/കോംപ്ലിമെന്ററി - സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി), ബി.എ. കഥകളി സംഗീതം (കോംപ്ലിമെന്ററി - സി.ബി.സി.എസ്. റഗുലർ) പരീക്ഷകളുടെ പ്രാക്ടിക്കൽ ഒക്ടോബർ എട്ടു മുതൽ 11 വരെ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

ഒന്നും രണ്ടും വർഷ (ഫസ്റ്റ് ആന്റ് ഫൈനൽ) എം.എഫ്.എ. (റഗുലർ/സപ്ലിമെന്ററി) ഓഗസ്റ്റ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 15 മുതൽ നവംബർ രണ്ടു വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും.

## പരീക്ഷാഫലം

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി. ബയോടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 20 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 20 വരെ അപേക്ഷിക്കാം.

## മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷം;

## ഗാന്ധി പ്രഭാഷണ പരമ്പരയ്ക്ക് തുടക്കം

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങളോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും സംയുക്തമായി നടത്തുന്ന ഗാന്ധി പ്രഭാഷണ പരമ്പരയ്ക്ക് തുടക്കമായി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പ്രഭാഷണപരമ്പര ഉദ്ഘാടനം ചെയ്തു.

ബർലിൻ സെന്റർ ഫോർ മോഡേൺ ഓറിയന്റ് ആന്റ് ഫ്രീ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡീട്രിച്ച് റീറ്റ്സ് മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയുടെ സാംസ്കാരിക നാനാത്വം രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വഴിതെളിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാംസ്കാരിക വൈജാത്യങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവ് സാമൂഹിക - സാമ്പത്തിക വികസനത്തിന് കാരണമായിട്ടുണ്ടെന്നും ഡീട്രിച്ച് റീറ്റ്സ് സൂചിപ്പിച്ചു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. എം.എച്ച്.ഇല്യാസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. പി.പി. നൗഷാദ്, അദ്ധ്യാപകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

## ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസ് സമാപിച്ചു

എം.ജി. സർവകലാശാലയിൽ രണ്ടു ദിവസമായി നടന്ന ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസ് സമാപിച്ചു. നവോത്ഥാന സാഹിത്യത്തിലെ പ്രമുഖ സാമൂഹിക സൈദ്ധാന്തികനും നവചരിത്രവാദത്തിന്റെ വക്താവുമായ പ്രൊഫ. ജൊനാഥൻ ഡോളിമോർ ജെൻഡർ, ക്വിർ പഠനങ്ങളെക്കുറിച്ച് വിദ്യാർഥികളുമായും അദ്ധ്യാപകരുമായും സംവദിച്ചു.

കൾച്ചറൽ മെറ്റീരിയലിസം' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി. ഓപ്പൺ ഫോറത്തിൽ ഡോ. പി.പി. രവീന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഉച്ച കഴിഞ്ഞ് നടന്ന പാനൽ ചർച്ചയിൽ പ്രൊഫ. റ്റി.എം. യേശുദാസൻ അധ്യക്ഷത വഹിച്ചു. ആലുവ യു.സി. കോളജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അവതരിപ്പിച്ച നാടകം അരങ്ങേറി. മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ലെറ്റേഴ്സും ചേർന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

**ഫോട്ടോ കാപ്ഷൻ**

**ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസിന്റെ ഭാഗമായി പ്രഭാഷണത്തിനെത്തിയ പ്രശസ്ത സാമൂഹിക സൈദ്ധാന്തികൻ പ്രൊഫ. ജൊനാഥൻ ഡോളിമോറിന് എം.ജി. സർവകലാശാലയുടെ ഉപഹാരം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സമ്മാനിക്കുന്നു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ സമീപം**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ